## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2002 — 05 - 12- 2018-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം
ശ്രീ.അൻവർ സാദത്ത്

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി പുതിയ സേവനങ്ങൾ നൽകുന്നതിനും അലോചനയുണ്ടോ; | (എ) | ഉണ്ട്. അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ ജനസൗഹാർദ്ദപരമാക്കുന്നതിലേയ്ക്കായി അംഗീകൃത സർവ്വീസ് ചാർജ്ജ് മാത്രം ഈടാക്കുന്നതിനും രസീത് നൽകുന്നതിനും അക്ഷയ സംരഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ കാലികമായി പരിഷ്കരിച്ചിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികളിൻമേൽ അന്വേഷണം നടത്തി നടപടിയെടുക്കുകയും ചെയ്തുവരുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന കൂടുതൽ സേവനങ്ങൾ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | അക്ഷയ കേന്ദ്രങ്ങൾക്ക് ബ്രാന്റിംഗ് സംവിധാനം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. 2013-ന് ശേഷം ആരംഭിച്ച അക്ഷയ ഇ-കേന്ദ്രങ്ങൾ പൂർണ്ണമായും ബ്രാൻഡ് ചെയ്തവയാണ്. എല്ലാ അക്ഷയ കേന്ദ്രങ്ങളും ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | അക്ഷയയുടെ ലോഗോയും മറ്റും ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യാജ കേന്ദ്രങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം കേന്ദ്രങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) | അക്ഷയ കേന്ദ്രങ്ങളുടെ ലോഗോയും സേവനങ്ങളും പ്രദർശിപ്പിച്ച് വ്യാജ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപ്രകാരമുള്ള രജിസ്ട്രേഷനുകൾ ഇല്ലാതെ അക്ഷയ കേന്ദ്രങ്ങളാണെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്ന ഓൺലൈൻ കേന്ദ്രങ്ങൾ നിർത്തലാക്കാൻ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. ജനസേവനകേന്ദ്രങ്ങൾ എന്ന പേരിൽ വ്യാപകമായി ഓൺലൈൻ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് തടയുന്നതിലേയ്ക്കായി പുതിയ ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അനധികൃത കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുലോഗിനിലൂടെ പൗരൻമാർക്ക് ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വാണിജ്യാടിസ്ഥാനത്തിൽ ഓൺ ലൈൻ കേന്ദ്രങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി ഒരു രജിസ്റ്റേഡ് യൂസർക്ക് ഒരുമാസം ലഭിക്കുന്ന പരമാവധി സർട്ടിഫിക്കറ്റുകളുടെ എണ്ണം 5 ആയി നിജപ്പെടുത്തുന്നതിനും, സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിന് OTP സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളുടെ ലോഗിൻ ക്രഡൻഷ്യൽസ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേക്കായി എല്ലാ അക്ഷയ കേന്ദ്രങ്ങളുടെയും നെറ്റ് വർക്ക് കണക്ഷൻ FTTH സംവിധാനത്തിലേക്ക് മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ